(എച്ച്) ലക്ചറർ തസ്തികയിൽ ഏറ്റവും അവസാനമായി നിയമനം നടന്നത് 1996-ലാണ്.

(ഐ) റിസർച്ച് ഓഫീസർ, റിസർച്ച് അസിസ്റ്റന്റ് എന്നീ തസ്തികകൾ ഐ.എം.ജി.-യിൽ നിലവിലില്ല. ഫാക്കൽറ്റിമാരുടെ ജോലിഭാരം കാര്യക്ഷമതാ പാടവം റിക്രൂട്ട്മെന്റ് ആന്റ് പ്രൊമോഷൻ പോളിസി എന്നിവയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 27-3-2003-ൽ നടന്ന എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിൽ പ്രൊഫസർ എം. എൻ. വി. നായരെ നിയമിച്ചിരിക്കുകയാണ്. ഒഴിവുള്ള തസ്തികകളിൽ ഏതേതു വിഷയങ്ങളിൽ പ്രാവീണ്യമുള്ളവരെ നിയമിക്കണമെന്ന് പഠിച്ച് ശുപാർശ സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ 7 അംഗങ്ങളെ ഉൾപ്പെടുത്തി ശ്രീ. കെ. ആർ. ശ്രീവത്സൻ കൺവീനറായി സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം തസ്തികകൾ നികത്തുന്ന കാര്യത്തിൽ നടപടികൾ കൈക്കൊള്ളുന്നതാണ്.

എം.ജി.പി.-യുടെ ഭാഗമായി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ

85 [5820] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ നവീകരണ പരിപാടി (എം.ജി.പി.)-യുടെ പേരിൽ സർക്കാർ വകുപ്പുകൾക്ക് നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടേയും മാർഗ്ഗ നിർദ്ദേശങ്ങളുടേയും പകർപ്പുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സർക്കാർ തത്വത്തിൽ അംഗീകരിച്ച വിഷയാധിഷ്ഠിത രൂപരേഖകൾ അനുസരിച്ച് എം.ജി.പി.-ക്കു വേണ്ടിയുള്ള വിശദമായ പ്രവർത്തന പദ്ധതി തയ്യാറാക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നതേയുള്ളൂ. സർക്കാർ ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ലാത്തതിനാൽ എം.ജി.പി. നടത്തിപ്പിനെ സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും തന്നെ സർക്കാർ വകുപ്പുകൾക്ക് നൽകിയിട്ടില്ല.

(ബി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

വിവിധ വകുപ്പുകൾക്കായി വാങ്ങിയ വാഹനങ്ങൾ

86 [5821] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വകുപ്പുകളുടെ ആവശ്യത്തിനായി എത്ര മോട്ടോർ വാഹനങ്ങൾ (കാർ, ജീപ്പ് എന്നിവ) വാങ്ങിയെന്നും ഏതൊക്കെ വകുപ്പുകൾക്കായിരുന്നു എന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2002 ജനുവരിയിൽ സർക്കാരുദ്യോഗസ്ഥരുടെ ചില സാമ്പത്തികാനുകൂല്യങ്ങൾ വെട്ടിക്കുറച്ച അവസരത്തിൽ പുതിയ കാറുകളും മറ്റു വാഹനങ്ങളും വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവിറക്കുകയുണ്ടായോ; എങ്കിൽ ആ ഉത്തരവ് ഇന്നും പ്രാബല്യത്തിൽ ഉണ്ടോ;

(സി) പ്രസ്തുത ഉത്തരവുണ്ടായിരുന്നെങ്കിൽ അതു പുറപ്പെടുവിച്ചശേഷം നാളിതുവരെ എത്ര പുതിയ കാറുകളും ജീപ്പുകളും വാങ്ങിയെന്ന് അറിയിക്കാമോ;

(ഡി) ഭരണ നവീകരണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുതുതായി ഏതെല്ലാം വാഹനങ്ങൾ, എത്ര എണ്ണം വീതം വാങ്ങിയെന്നും ഇനി എത്രയെണ്ണം ഈ സാമ്പത്തിക വർഷത്തിൽ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ട് എന്നും അറിയിക്കാമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കേരള സിവിൽ സർവീസിന്റെ ഘടനയും പ്രവർത്തനങ്ങളും

87 [5822] ശ്രീ. എം. വി. ജയരാജൻ:
,, വി. ചെന്താമരാക്ഷൻ:
,, മത്തായിചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സിവിൽ സർവ്വീസിന്റെ ഘടനയും പ്രവർത്തനങ്ങളും സംബന്ധിച്ച പൂർണ്ണ രൂപരേഖ വെളിപ്പെടുത്തുമോ;

(ബി) ഇക്കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(സി) വിശദാംശം വ്യക്തമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് സർക്കാർ സർവീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(ഇ) നിലവിലുള്ള പ്രൊമോഷൻ വ്യവസ്ഥയ്ക്ക് കോട്ടം വരുമെന്ന ആശങ്ക ജീവനക്കാരിൽ ശക്തമായി ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ഭരണ പരിഷ്കാര സമിതിയുടെ (1997-2001) 9-ാമത് റിപ്പോർട്ടിൽ ആദ്യ ഗസറ്റഡ് തസ്തികയിലും അതിന് മുകളിലും നിലവിലുള്ള സാങ്കേതികേതര തസ്തികകളുടെ 25% വരുന്ന കേഡർ ശക്തിയുള്ള കേരള സിവിൽ സർവ്വീസ് രൂപീകരിക്കാൻ ശുപാർശ ചെയ്തിരിക്കുന്നു. നേരിട്ടുള്ള നിയമനം, ജീവനക്കാരിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly